MALABAR CANCER CENTRE
(POST GRADUATE INSTITUTE OF ONCOLOGY SCIENCES & RESEARCH)
(An autonomous institution under Government of Kerala)
Thalassery, P.O. Moozhikkara
Kannur-670 103, Kerala, S. India
Telephone : 0490 2399203, 2399350, 2355881
Fax : +91 490 2355880
Email : mcctly@mcc.kerala.gov.in
Website : www.mcc.kerala.gov.in

SoCanWe: Together We Fight Cancer through social media
നമ്മളിലൂടെ അർബുദ പോരാട്ടം നവമാധ്യമങ്ങളിലേയ്ക്ക്

# പ്രതിമാസ അർബുദ ബോധവൽക്കരണ ട്രോളുകൾ/റീലുകൾ നിർമ്മാണ മത്സരം, 2024
## മത്സര നിയമാവലി/മത്സരാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1) അർബുദനിയന്ത്രണവുമായി ബന്ധപ്പെട്ട നൽകിയിട്ടുള്ള മത്സരവിഷയങ്ങളിൽ ആണ് ട്രോളുകൾ/റീലുകൾ ഉണ്ടാക്കേണ്ടത്.
2) സമയപരിധി കഴിഞ്ഞ ശേഷം ലഭിക്കുന്ന എൻട്രികൾ സ്വീകരിക്കുന്നതല്ല
3) മലയാള ഭാഷയിൽ ആണ് ട്രോളുകൾ/റീലുകൾ തയ്യാറാക്കേണ്ടത്
4) ഓരോ ട്രോളിനും ഒരു അടിക്കുറിപ്പ് നൽകണം.
5) റീലുകൾ നിശ്ചിത സമയ പരിധിയിൽ കവിയാൻ പാടില്ല, അതായത് 30 – 60 സെക്കൻഡ്
6) ഒരു വിഷയത്തിൽ പ്രതിമാസം ഒരു മത്സരാർത്ഥിക്ക് മൂന്ന് ട്രോളുകളും മൂന്ന് റീലുകളും വരെ അയയ്ക്കാം
7) ഏതെങ്കിലും ഗ്രൂപ്പുകളുടെ ലോഗോയോ വാട്ടർമാർക്കോ ട്രോളുകളിൽ/ റീലുകളിൽ ഉണ്ടാകാൻ പാടില്ല
8) മുൻപ് ഏതെങ്കിലും വ്യക്തികളോ ഗ്രൂപ്പുകളോ സ്ഥാപനങ്ങളോ പ്രസിദ്ധീകരിച്ചിട്ടുള്ള ട്രോളുകൾ/ റീലുകൾ അനുവദിക്കുന്നതല്ല
9) മത്സരം പൊതു വിഭാഗത്തിലാണ്
10) ഏത് സോഫ്റ്റ്‌വെയറിലും വെബ്സൈറ്റിലും ആപ്ലിക്കേഷനുകളിലും ട്രോളുകൾ/ റീലുകൾ ഉണ്ടാക്കാം.
11) ഓരോ ട്രോളിനും അനുയോജ്യമായ ഇമേജ് നിലവാരം ഉണ്ടായിരിക്കണം. ഓരോ റീലിനും അനുയോജ്യമായ ശബ്ദ ദൃശ്യ നിലവാരം ഉണ്ടായിരിക്കണം.
12) ഇനിപ്പറയുന്ന വിശദാംശങ്ങൾ സഹിതം നിങ്ങളുടെ ട്രോൾ/ റീലുകൾ canware@gmail.com ലേക്ക് ഇ-മെയിൽ ചെയ്യുകയോ 9188202602 എന്ന വാട്ട്സാപ് നമ്പറിലേക്കു അയക്കുകയോ ചെയ്യുക;
    a) വിഷയം,
    b) പേര്:
    c) പ്രായം:
    d) വിലാസം:
    e) മൊബൈൽ നമ്പർ:
    f) വാട്ട്സ്ആപ്പ് നമ്പർ:
    g) ഇമെയിൽ:
    h) സമ്മതപത്രം: ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന/ സമർപ്പിക്കുന്ന ട്രോളുകൾ/റീലുകൾ ...................... (പേര്) എന്ന ഞാൻ സ്വന്തമായി തയ്യാറാക്കിയതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ട്രോളുകൾ/ റീലുകൾ മലബാർ കാൻസർ സെന്ററിന്റെ അർബുദ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ പൂർണ്ണ സമ്മതമാണ്.
13) മറ്റേതെങ്കിലും വിലാസത്തിലേക്ക് അയക്കുന്ന റീലുകൾ /ട്രോൾ എൻട്രികൾ സ്വീകരിക്കുന്നതല്ല.
14) വിദഗ്ധ സമിതി വിലയിരുത്തിയ എൻട്രികൾ സ്ഥാപനത്തിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയയിലും വെബ്സൈറ്റ് പേജിലും പോസ്റ്റ് ചെയ്യുന്നതാണ്.
15) ട്രോളുകളിൽ/ റീലുകളിൽ സാമൂഹിക സന്ദേശം ഉണ്ടായിരിക്കണം. അർബുദ ബോധവൽക്കരണ സന്ദേശം ഉൾകൊള്ളുന്നതായിരിക്കണം.

16) ട്രോളുകളിൽ/ റീലുകളിൽ വ്യക്തിപരമായ വിമർശനമോ അധിക്ഷേപമോ അടങ്ങിയിരിക്കരുത് (അതായത്ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിൻ്റെയോ പേരോ ചിത്രമോ )
17) ട്രോൾ/ റീലുകൾ പോസിറ്റീവും മതേതരവും ലിംഗ നിഷ്പക്ഷത പാലിക്കുന്നതുമായിരിക്കണം.
18) ട്രോൾ/റീലുകൾ സ്വന്തം സൃഷ്ടിയായിരിക്കണം, അത് പകർത്തിയതായിരിക്കരുത്.
19) ഓരോ മാസത്തിലും/വിഷയത്തിലും ആദ്യ പത്ത് സ്ഥാനക്കാർക്ക് (ട്രോളുകളിലും റീലുകളിലും) അഭിനന്ദന ഇ-സർട്ടിഫിക്കറ്റ് നൽകും.
20) ട്രോളുകൾ നിർമ്മാണ മത്സരത്തിൽ ഓരോ തീം വിഭാഗത്തിൽ നിന്നും പ്രതിമാസം മൂന്ന് വിജയികളെ തിരഞ്ഞെടുക്കും. ഒന്നാം സമ്മാനം: രൂപ. 1000; രണ്ടാം സമ്മാനം: രൂപ. 750; മൂന്നാം സമ്മാനം: രൂപ. 500.
21) റീലുകൾ നിർമ്മാണ മത്സരത്തിൽ ഓരോ തീം വിഭാഗത്തിൽ നിന്നും പ്രതിമാസം മൂന്ന് വിജയികളെ തിരഞ്ഞെടുക്കും. ഒന്നാം സമ്മാനം: രൂപ. 2000; രണ്ടാം സമ്മാനം: രൂപ. 1500; മൂന്നാം സമ്മാനം: രൂപ. 1000.
22) അവകാശങ്ങൾ: മത്സരത്തിൽ പങ്കെടുക്കുന്നവർ സമർപ്പിച്ച ഉള്ളടക്കം പ്രമോഷണൽ/വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനും പങ്കിടാനുമുള്ള പൂർണ അവകാശം മലബാർ കാൻസർ സെൻ്റർ (MCC-PGIOSR)-ന് ആണ്
23) മത്സരം 10 മാസങ്ങളിലായാണ് നടത്തുന്നത്. ഓരോ മാസവും ആദ്യത്തെ ആഴ്ച വിഷയം പ്രസിദ്ധീകരിക്കുകയും ആ മാസം 25 തീയതിക്ക് മുൻപായി ട്രോളുകൾ/ റീലുകൾ സമർപ്പിക്കുകയും വേണം. വിജയികളുടെ വിവരങ്ങൾ മാസാവസാനം പ്രസിദ്ധീകരിക്കുന്നതാണ്.
24) വിജയികളുടെ പേര് വിവരങ്ങൾ മലബാർ കാൻസർ സെൻ്ററിൻ്റെ വെബ്സൈറ്റിൽ (www.mcc.kerala.gov.in ) പ്രസിദ്ധീകരിക്കുന്നതാണ്.
25) സമ്മാനർഹമായതും മത്സരത്തിൽ പങ്കെടുത്തതുമായ ട്രോളുകൾ/ റീലുകൾ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതാണ്
26) വിജയികൾക്ക് MCC-PGIOSR തലശ്ശേരി സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് സമ്മാനം നൽകുന്നതാണ്.
27) ട്രോളുകൾ/റീലുകൾ വ്യക്തികൾ,സ്ഥാപനങ്ങൾ,സംഘടനകൾ തുടങ്ങിയവയെ അപകീർത്തിപ്പെടുത്തുന്നതോ രാഷ്ട്രീയ-മത ചിന്തകളെയോ ആശയങ്ങളെയോ ഹനിക്കുന്ന തരത്തിലുള്ളവയോ ആയിരിക്കരുത്.
28) ട്രോളുകൾ/ റീലുകൾ രാജ്യത്തെ നിയമവ്യവസ്ഥകൾക്കും പകർപ്പവകാശ നിയമങ്ങൾക്കും വിധേയമായി തയ്യാറാക്കിയവയായിരിക്കണം.
29) ഏതെങ്കിലും,വ്യക്തികൾക്കോ/സ്ഥാപനങ്ങൾക്കോ പകർപ്പവകാശമുള്ള ഭാഗങ്ങൾ ട്രോളുകളിൽ/ റീലുകളിൽ ഉൾപ്പെടുത്തുവാൻ പാടില്ല .
30) മലബാർ കാൻസർ സെൻ്റർ നിർദ്ദേശിക്കുന്ന വിദഗ്ദ പാനലിൻ്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.
31) ആവിശ്യമെങ്കിൽ നിയമാവലിയിൽ മാറ്റം വരുത്തുവാൻ 'ഡയറക്ടർ, മലബാർ കാൻസർ സെൻ്ററിന് ' അധികാരമുണ്ടായിരിക്കുന്നതാണ് .
32) ഈ മത്സരവുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങളിൽമേൽ 'ഡയറക്ടർ, മലബാർ കാൻസർ സെൻ്റർ ' എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.
33) കൂടുതൽ വിവരങ്ങൾക്ക് പ്രിവന്റീവ് ആൻഡ് കമ്മ്യൂണിറ്റി ഓൺകോളജി (0490 2399 284)/ഹെൽത്ത് ഐ.ടി (0490 2399 400,493) വിഭാഗവുമായി ബന്ധപ്പെടുക.